Mathrubhumi 3-10-18, P-06

# പ്ലാവിനെ ഇനി ചെമ്പടാക്ക് ആക്കാം

**ബെന്നി കെ.കെ.**

കേരളത്തിൽ പ്രചാരത്തിലായ ഒരു വിദേശപഴമാണ് ചെമ്പടാക്ക്. ചക്കയോട് സാമ്യമുള്ള ഒരു പഴം. ഇതിന്റെ ഗ്രാഫ്റ്റ് ചെയ്തെടുത്ത തൈകളാണ് പ്രധാനമായും നടാൻ ഉപയോഗിക്കുന്നത്.

ഗ്രാഫ്റ്റ് തൈകളെ നേരിട്ട് മണ്ണിൽ നടാതെ വ്യത്യസ്തമായ ഒരു ഗ്രാഫ്റ്റിങ് രീതിയിലൂടെ വേഗത്തിൽ വളർത്തിയെടുത്ത് ആദായത്തിലാക്കാനുള്ള ശ്രമത്തിലാണ് എറണാകുളം ജില്ലയിലെ കോലഞ്ചേരിക്കടുത്ത് പുതിയേടത്ത് വീട്ടിൽ രാമചന്ദ്രൻ.



ഗ്രാഫ്റ്റ് ചെയ്ത പ്ലാവിനു സമീപം രാമചന്ദ്രൻ

സാധാരണ നഴ്സറികളിൽ ഒരേ വണ്ണമുള്ള കമ്പുകളെയാണ് വശം ചേർത്ത് ഒട്ടിച്ചു ചേർക്കാറ്. ഇതിൽ നിന്നും വ്യത്യസ്തമായി, മുറ്റത്തിനു സമീപം വളർന്നുനിന്ന, കൈവണ്ണത്തിൽ കൂടുതൽ വലിപ്പമുള്ള ഒരു പ്ലാവിലാണ് രാമചന്ദ്രൻ ഒട്ടിച്ചുനോക്കിയത്.

നഴ്സറിയിൽ നിന്ന് വാങ്ങിക്കൊണ്ടുവന്ന ഗ്രാഫ്റ്റ് തൈയിൽ, ഗ്രാഫ്റ്റ് ചെയ്തിരിക്കുന്നതിന്റെ ഏതാണ്ട് പതിനഞ്ചു സെന്റിമീറ്റർ മുകളിലായി രണ്ടിഞ്ചു നീളത്തിൽ കുറച്ചു തടിയോടുകൂടി തൊലി ചെത്തി മാറ്റുക. ഒട്ടിക്കാനുദ്ദേശിക്കുന്ന പ്ലാവിലെ തടിയിലും കൈയെത്തുന്ന ഉയരത്തിൽ ഇതേ അളവിൽത്തന്നെ കുറച്ചു തടിയോടുകൂടി തൊലി ചെത്തിമാറ്റണം. ഈ രണ്ടു മുറിവുകളും ചേർത്തുകെട്ടാൻ പറ്റത്തക്ക ഉയരത്തിൽ, ചെമ്പടാക്കിന്റെ കൂടത്തൈ പ്ലാവിൽ ചേർത്തുകെട്ടുക. ചെത്തിമാറ്റിയ രണ്ടു മുറിവുകളും പരസ്പരം നന്നായി ചേർന്നിരിക്കത്തക്കവിധം ഒരു പ്ലാസ്റ്റിക് വള്ളികൊണ്ട് വരിഞ്ഞുകെട്ടുക. ഒരു പോളിത്തീൻഷീറ്റുകൊണ്ട് ഇതിനുമുകളിലൂടെ ഒന്നു ചെത്തിക്കെട്ടുന്നത് മുറിവുകളിൽ നിന്നും ഈർപ്പം നഷ്ടപ്പെടാതിരിക്കാൻ സഹായിക്കും. മഴവെള്ളം ഈ കെട്ടിനുള്ളിൽ വീഴുന്നതുകൊണ്ട് കുഴപ്പമില്ല. എന്നാൽ കെട്ടിനുള്ളിൽ വെള്ളം കെട്ടിനിൽക്കാതെ പോളിത്തീൻഷീറ്റുകൊണ്ട് പൊതിയാം. മഴക്കാലമാണ് ഗ്രാഫ്റ്റ്പിടിക്കാൻ ഏറ്റവും യോജിച്ചത്.

ഒന്നരമാസം കഴിയുമ്പോഴേക്കും നമ്മൾ ചേർത്തുകെട്ടിയ സ്ഥലത്ത് പ്ലാവും ചെമ്പടാക്കും തമ്മിൽ തൊലികൾ വളർന്നു യോജിക്കും. അപ്പോൾ, ചേർത്തുകെട്ടിയതിനു തൊട്ടുതാഴെ ചെമ്പടാക്കിന്റെ കമ്പിൽ ചെറിയൊരു മുറിവുണ്ടാക്കുക. വീണ്ടും ഓരോ ആഴ്ച കഴിയുമ്പോഴും ഈ മുറിവിന്റെ ആഴം കുറേശ്ശെ കൂട്ടി, മൂന്നുനാല് ആഴ്ചകൊണ്ട് ചെമ്പടാക്കിന്റെ കെട്ടിവെച്ചതിനു താഴോട്ടുള്ള ഭാഗം കൂടയോടുകൂടി തൈയിൽനിന്നും വേർപെടുത്തുക. പ്ലാവിൽ ഒട്ടിച്ചേർന്ന ചെമ്പടാക്ക് കൂമ്പെടുത്തു വളരാൻ തുടങ്ങുന്നതോടെ നമ്മൾ കെട്ടിവെച്ചതിനു ഒരടി മുകളിൽവെച്ച് പ്ലാവിന്റെ കമ്പ് ഒരു വാളുപയോഗിച്ച് ചെരിച്ച് അറുത്തുമാറ്റണം. മുറിപ്പാടിനു മുകളിൽ ഒരു ചിരട്ട കമിഴ്ത്തിവെക്കുകയോ പോളിത്തീൻഷീറ്റ് കൊണ്ട് പൊതിഞ്ഞുകെട്ടുകയോ ചെയ്യുന്നത് വെള്ളമിറങ്ങാതിരിക്കാൻ സഹായിക്കും. രാമചന്ദ്രൻ: 9947438616.